GOVERNMENT POLYTECHNIC COLLEGE, MANANTHAVADY

Nalloornad P O, Mananthavady, Wayanad, Kerala – 670645

Phone: 04935-293024, email: gptcmndy76@gmail.com, web: www.gptcmdy.ac.in

Affiliated to State Board of Technical Education, Government of Kerala

Approved by All India Council for Technical Education, PID:1-2877397381

# പോളിടെക്നിക് ലാറ്ററൽ എൻട്രി ഡിപ്ലോമ സ്പോട്ട് അഡ്മിഷൻ 2025-26

വയനാട് ജില്ലയിലെ മാനന്തവാടി സർക്കാർ പോളിടെക്നിക് കോളേജിലേക്കുള്ള 2025-26 അദ്ധ്യയന വർഷത്തിലെ രണ്ടാം വർഷ ഡിപ്ലോമ ലാറ്ററൽ എൻട്രി പ്രവേശനത്തിന് ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 25/07/2025, വെള്ളിയാഴ്ച്ച മാനന്തവാടി ഗവ: പോളിടെക്നിക് കോളേജിൽ വച്ച് നടത്തുന്നതാണ്. പുതുതായി അപേക്ഷ സമർപ്പിക്കാൻ ആഗ്രഹിക്കുന്നവർക്ക് 25/07/2025 വരെയും അപേക്ഷിക്കാവുന്നതാണ്. നിലവിൽ അപേക്ഷ സമർപ്പിച്ച് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്കും, 25-07-2025 ന് മുൻപായി അപേക്ഷ സമർപ്പിച്ചവർക്കും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്. ബ്രാഞ്ച് മാറ്റമോ, കോളേജ് മാറ്റമോ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കേണ്ടതാണ്. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ രാവിലെ 9.30 മുതൽ 10.30 മണി വരെയുള്ള സമയത്ത് മാനന്തവാടി ഗവ: പോളിടെക്നിക്കിൽ ഹാജരായി രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. നിലവിലുള്ള ഒഴിവിൽ റാങ്ക് അടിസ്ഥാനത്തിലാണ് അഡ്മിഷൻ നടത്തുന്നത്.

എസ് എസ് എൽ സി, ടി സി, സ്വഭാവ സർട്ടിഫിക്കറ്റ്, സംവരണങ്ങൾ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ, ഫീസ് ആനുകൂല്യത്തിന് വരുമാന സർട്ടിഫിക്കറ്റ്, എന്നിവ പ്രവേശന സമയത്ത് ഹാജരാക്കേണ്ടതാണ്. നേരത്തെ ഏതെങ്കിലും സ്ഥാപനത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളാണെങ്കിൽ അഡ്മിഷൻ സ്ലിപ്പ് ഹാജരാക്കിയാൽ മതിയാകും. പ്രവേശനം ലഭിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ അപേക്ഷകരും ഒരുലക്ഷം രൂപ വരെ വാർഷിക വരുമാനം ഉള്ളവരും കോഷൻ ഡിപ്പോസിറ്റായി 1000 രൂപയും ഒരു ലക്ഷത്തിനു മുകളിൽ വരുമാനം ഉള്ളവർ കോഷൻ ഡിപ്പോസിറ്റ് ഉൾപ്പെടെ ഫീസ് ആയി 4215 രൂപയും ലാറ്ററൽ എൻട്രി ബ്രിഡ്ജ് കോഴ്സ് ഫീസ് ആയ 10000/- രൂപയും ATM Card/GPAY/PHONEPE/PAYTM, മുഖേന ഓഫീസിൽ അടയ്ക്കേണ്ടതാണ്. കൂടാതെ പിടിഎ ഫണ്ട്, യൂണിഫോം ഉടങ്ങിയവയുടെ തുകയായി ആൺകുട്ടികൾ 4000/- രൂപയും പെൺകുട്ടികൾ 4500/- രൂപയും അടക്കേണ്ടതാണ്. നിലവിലുള്ള ഒഴിവുകളുടെ വിവരം www.polyadmission.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. വിശദവിവരങ്ങൾക്ക് 9400441764, 9539072559, 9605612261 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഡിജിറ്റലായി അംഗീകരിച്ചത്

Johnson Joseph

PRINCIPAL, GPTC

Signed by
Johnson Joseph
Date: 23-07-2025 15:23:57